REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-10-2023 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ന് ഗാന്ധിജയന്തി. മഹാത്മാഗാന്ധിയുടെ സത്യത്തിന്റെയും അഹിംസയുടെയും ആദർശങ്ങൾ ലോകത്തിന് പുതിയ വഴിയൊരുക്കിയെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു .**
- **കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ 7 മെഗാ പദ്ധതികളുടെ പ്രവർത്തന - നിർമ്മാണ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് നിർവഹിക്കും.**
- **സംസ്ഥാനത്ത് ഇന്നും പരക്കെ മഴ. പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത.**
- **സംസ്ഥാനത്ത് വന്യ ജീവി വാരാഘോഷത്തിന് ഇന്ന് തുടക്കം.**
- **ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ ഇന്നലെ ഇന്ത്യയ്ക്ക് മെഡൽ വേട്ട. മൂന്ന് സ്വർണമുൾപ്പെടെ 15 മെഡലുകൾ ഇന്ത്യൻ താരങ്ങൾ വാരിക്കൂട്ടി.**
- **ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സിന് രണ്ടാം ജയം.**

## വാർത്തകൾ വിശദമായി

ഇന്ന് ഗാന്ധിജയന്തി. രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 154 -ാം ജന്മവാർഷികത്തിൽ രാജ്യത്ത് വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. മഹാത്മാഗാന്ധിയുടെ സമാധി സ്ഥലമായ രാജ്ഘട്ടിൽ സർവ്വമതപ്രാർത്ഥന നടക്കും.

ഗാന്ധിജയന്തി ദിനാഘോഷത്തിന് മുന്നോടിയായി മഹാത്മാ ഗാന്ധിക്ക് ആദരമർപ്പിച്ച് രാജ്യത്ത് ഇന്നലെ മെഗാ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും ഗാന്ധിജയന്തിയുടെ തലേന്ന് രാഷ്ട്രത്തിന് ആശംസ നേർന്നു.

മഹാത്മാഗാന്ധിയുടെ സത്യത്തിന്റെയും അഹിംസയുടെയും ആദർശങ്ങൾ ലോകത്തിന് പുതിയ വഴിയൊരുക്കിയെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു സന്ദേശത്തിൽ പറഞ്ഞു. മഹാത്മാഗാന്ധി ജീവിതത്തിലുടനീളം അഹിംസയ്ക്കുവേണ്ടി പോരാടുക മാത്രമല്ല, ശുചിത്വം, സ്ത്രീ ശാക്തീകരണം, സ്വാശ്രയത്വം, കർഷകരുടെ അവകാശങ്ങൾ എന്നിവ ഏറ്റെടുക്കുകയും ചെയ്തുവെന്ന് രാഷ്ട്രപതി പറഞ്ഞു. തൊട്ടുകൂടായ്മ, സാമൂഹിക വിവേചനം, നിരക്ഷരത എന്നിവയ്ക്കെതിരെ മഹാത്മാഗാന്ധി പോരാടി. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാൻ മഹാത്മാഗാന്ധി എല്ലാവർക്കും പ്രചോദനം നൽകിയെന്നും ചരിത്രത്തിന്റെ ഗതി മാറ്റിമറിച്ച് നമുക്ക് സ്വാതന്ത്ര്യം നേടിത്തന്ന ഒരു വലിയ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയെന്നും രാഷ്ട്രപതി പറഞ്ഞു.

✪✪✪

കൊളോണിയൽ ഭരണത്തിനെതിരായ ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ മഹാത്മാഗാന്ധിയുടെ സത്യത്തിന്റെയും അഹിംസയുടെയും തത്വങ്ങൾ വഴികാട്ടിയായെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പറഞ്ഞു. സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി ബാപ്പു നടത്തിയ അശ്രാന്ത പരിശ്രമം ഇന്ത്യയ്ക്കു മാത്രമല്ല, ആഗോള സമൂഹത്തിനും വഴിവിളക്കാണെന്ന് അദ്ദേഹം പറഞ്ഞു.

രാഷ്ട്രപുരോഗതിക്കായി മഹാത്മാഗാന്ധിയുടെ സ്വാശ്രയത്വം, ഉൾക്കൊള്ളൽ, സാർവത്രിക സാഹോദര്യം എന്നീ കാഴ്ചപ്പാടുകൾ പിന്തുടരുമെന്ന് പ്രതിജ്ഞയെടുക്കാൻ ജനങ്ങളോട് ധൻഖർ ആവശ്യപ്പെട്ടു.

✪✪✪

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി നടപ്പാക്കുന്ന 7 മെഗാ പദ്ധതികളുടെ പ്രവർത്തന - നിർമ്മാണ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വൈകിട്ട് നിർവഹിക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.......(വോയ്സ്)...........

സിയാലിന്റെ പ്രതിവർഷ കാർഗോ കൈകാര്യം ചെയ്യൽ ശേഷി 2 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുന്ന ഇംപോർട്ട് കാർഗോ ടെർമിനൽ,

വിമാനത്താവളത്തിന്റെ ആഭ്യന്തര ടെർമിനൽ ഗേറ്റുകളിൽ പ്രവേശനം സുഗമമാക്കുന്ന ഡിജി യാത്ര സോഫ്റ്റ്‌വെയർ, വിമാനത്താവള രക്ഷാ സംവിധാനങ്ങളുടെ ആധുനികവത്കരണം എന്നിവയുടെ പ്രവർത്തന ഉദ്ഘാടനമാണ് മുഖ്യമന്ത്രി നിർവഹിക്കുന്നത്.

15 ലക്ഷം ചതുരശ്രയടി വിസ്തീർണത്തിൽ പുതിയ ഏപ്രൺ ഉൾപ്പെടെ രാജ്യാന്തര ടെർമിനൽ വികസനത്തിന്റെ ഒന്നാം ഘട്ടം, 50,000 ചതുരശ്രയടി വിസ്തീർണത്തിൽ ടെർമിനൽ 2 ന് സമീപം രാജ്യത്തെ ഏറ്റവും വലിയ വിമാനത്താവള ലോഞ്ചായ 0484 ലക്ഷ്വറി എയ്റോ ലോഞ്ച്, 12 കിലോമീറ്ററോളം വരുന്ന എയർപോർട്ടിന്റെ സുരക്ഷാമതിലിൽ പെരിമീറ്റർ ഇൻട്രൂഷൻ ഡിറ്റക്ഷൻ സിസ്റ്റം എന്നിവയുടെ നിർമാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ചടങ്ങിൽ നടക്കും. കൂടാതെ സിയാൽ ഗോൾഫ് കോഴ്സിൽ , ഗോൾഫ് ടൂറിസം വികസനത്തിനായി റിസോർട്ടുകൾ, സ്പോർട്സ് സെൻറർ എന്നിവയുടെ നിർമ്മാണ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും.

✪✪✪

അത്യാധുനിക കാൻസർ ചികിത്സയ്ക്ക് എറണാകുളം ജനറൽ ആശുപത്രിയിലെ സ്പെഷ്യാലിറ്റി ബ്ലോക്ക് മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ നാടിന് സമർപ്പിക്കും. 25 കോടി രൂപ ചെലവഴിച്ചാണ് ആറ് നിലകളിൽ ബ്ലോക്ക് സജ്ജമാക്കിയിരിക്കുന്നത്. 105 രോഗികളെ കിടത്തി ചികിത്സിക്കാവുന്ന ആധുനികവും വിദഗ്ധവുമായ പശ്ചാത്തല സൗകര്യമാണ് സ്പെഷ്യാലിറ്റി ബ്ലോക്കിൽ ഒരുക്കിയിരിക്കുന്നത്.

കാൻസർ ചികിത്സയ്ക്ക് വലിയ പ്രാധാന്യമാണ് ഗവൺമെന്റ് നൽകുന്നതെന്ന് മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് പറഞ്ഞു. റീജിയണൽ കാൻസർ സെന്ററുകൾക്ക് പുറമേ പ്രധാന മെഡിക്കൽ കോളേജുകളിലും ചികിത്സാ സൗകര്യം ഒരുക്കി വരികയാണ്. ഇവയ്ക്ക് പുറമേ 25 ആശുപത്രികളിൽ ക്യാൻസർ ചികിത്സയ്ക്ക് സൗകര്യമൊരുക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കേരള കാൻസർ രജിസ്ട്രി പ്രവർത്തനമാരംഭിച്ചതായും അവർ പറഞ്ഞു.

✪✪✪

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം രാവിലെ എറണാകുളം ടൗൺ ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. "ഉയരാം ഒത്തുചേർന്ന്" എന്നതാണ് പക്ഷാചരണ മുദ്രാവാക്യം.

ഹോം ഇ സർവേ, ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കായി ആവിഷ്കരിച്ച കെടാവിളക്ക്

സ്കോളർഷിപ്പ് പോർട്ടൽ എന്നിവയുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും.

നിയമ ബിരുദധാരികളായ പട്ടികവിഭാഗക്കാരെ അഡ്വക്കേറ്റ് ജനറൽ ഓഫീസിലും ഗവൺമെന്റ് പ്ലീഡർമാരുടെ ഓഫീസുകളിലും പ്രവൃത്തിപരിചയത്തിന് ഓണറേറിയത്തോടുകൂടി നിയമിക്കുന്ന ജസ്റ്റിസ് വെൽഫയർ ആന്റ് ലീഗൽ അസിസ്റ്റൻസ് പദ്ധതി മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്ത് ഇന്നും പരക്കെ മഴ ലഭിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കനത്ത മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. വിവിധയിടങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും സാധ്യതയുണ്ട്.

ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും സാധ്യത കണക്കിലെടുത്ത് മലയോര മേഖലയിൽ പ്രത്യേക ജാഗ്രതയ്ക്കും നിർദേശമുണ്ട്. ബീച്ചുകളിലും വിനോദസഞ്ചാരകേന്ദ്രങ്ങളിലും സന്ദർശകർക്ക് നിയന്ത്രണമേർപ്പെടുത്തി.

സംസ്ഥാന തീരത്ത് ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശ വാസികളും ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

✪✪✪

കനത്ത മഴയിൽ ഇന്നലെ മൂന്നു പേർ മരിച്ചു. തിരുവനന്തപുരത്ത് പുഴയിൽ വീണ ഒരാളെ കാണാതായി.

അമ്പലപ്പുഴയിൽ മത്സ്യബന്ധനത്തിനു പോയ കാട്ടൂർ സ്വദേശി ജിതിൻ, കുട്ടനാട്ടിൽ ക്ഷേത്രകുളത്തിൽ കുളിക്കാനിറങ്ങിയ ചമ്പക്കുളം സ്വദേശി വേലായുധൻ നായർ, മലപ്പുറം തിരുനാവായയിൽ വെള്ളക്കെട്ടിൽ വീണ് കൂട്ടായി വാക്കാട് സ്വദേശി മമ്മിക്കാനകത്ത് മുഹമ്മദ് മുസമ്മിൽ എന്നിവരാണ് മരിച്ചത്. തിരുവനന്തപുരം വിതുരയിൽ ഹരിഭവനിൽ സോമനെയാണ് പുഴയിൽ വീണ് കാണാതായത്.

✪✪✪

മലപ്പുറം ജില്ലയിൽ മഴ ശക്തം. കടലുണ്ടി, ചാലിയാർ, ഭാരതപ്പുഴകളിൽ നീരൊഴുക്ക് വർധിച്ചു. പലയിടത്തും വെള്ളക്കെട്ടും നാശനഷ്ടവുമുണ്ടായി.

✪✪✪

കോട്ടയം ജില്ലയിൽ മഴയിൽ മൂന്ന് വീടുകൾക്ക് ഭാഗിക നാശനാശ നഷ്ടമുണ്ടായി. പലയിടത്തും റോഡിൽ വെള്ളം കയറി ഗതാഗതം തടസപ്പെട്ടു.

✪✪✪

വൃഷ്ടി പ്രദേശങ്ങളിൽ മഴ പെയ്യുന്നതിനെ തുടർന്ന് പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഡാമിന്റെ മൂന്ന് ഷട്ടറുകളും ഇന്നലെ വൈകീട്ട് 20 സെ. മീ ആയി ഉയർത്തി .

✪✪✪

സംസ്ഥാനത്ത് വന്യ ജീവി വാരാഘോഷത്തിന് ഇന്ന് തുടക്കം. വനങ്ങളും വന്യജീവികളും നമ്മുടെ സമ്പത്ത് എന്നതാണ് ഇത്തവണ വാരാഘോഷത്തിന്റെ സന്ദേശം. സംസ്ഥാനതല ഉദ്ഘാടനം രാവിലെ തൃശൂർ സുവോളജിക്കൽ പാർക്കിൽ മന്ത്രി എ കെ ശശീന്ദ്രൻ നിർവഹിക്കും. സമാപന സമ്മേളനം ഞായറാഴ്ച കോഴിക്കോട്ട് നടക്കും.

വാരാഘോഷത്തിന്റെ ഭാഗമായി പീച്ചിയിലെ വന-ഗവേഷണ കേന്ദ്രത്തിൽ ദേശീയ സെമിനാർ സംഘടിപ്പിക്കും. വാരാഘോഷ കാലത്ത് സംസ്ഥാനത്തെ ദേശീയ ഉദ്യാനങ്ങളിലും കടുവ സംരക്ഷണ കേന്ദ്രങ്ങളിലും വന്യജീവി സങ്കേതങ്ങളിലും പൊതുജനങ്ങൾക്ക് പ്രവേശനഫീസ് സൗജന്യമായിരിക്കും.

✪✪✪

ഹാങ്ചൗ ഏഷ്യൻ ഗെയിംസിന്റെ എട്ടാം ദിനത്തിൽ ഇന്നലെ ഇന്ത്യയ്ക്ക് മെഡൽ വേട്ട. മൂന്ന് സ്വർണവും ഏഴ് വെള്ളിയും അഞ്ച് വെങ്കലുമുൾപ്പെടെ 15 മെഡലുകളാണ് ഇന്ത്യൻ താരങ്ങൾ വാരിക്കൂട്ടിയത്. ഇതോടെ 13 സ്വർണവും 21 വെള്ളിയും 19 വെങ്കലവും ഉൾപ്പെടെ 53 മെഡലുകളുമായി ഇന്ത്യ നാലാം സ്ഥാനത്ത് തുടരുകയാണ്.

ഡെസ്ക്ക് റിപ്പോർട്ട്

...............(വോയ്സ്) .................

ഒരു ഗെയിംസ് റെക്കോർഡ് ഉൾപ്പെടെ അത്‌ലറ്റിക്സിൽ രണ്ട് സ്വർണം ഇന്നലെ ഇന്ത്യ നേടി. 3000 മീറ്റർ സ്റ്റീപ്പിൾ ചേസിൽ ഇന്ത്യയുടെ അവിനാഷ് മുകുന്ദ് സാബ്ലെയാണ് ഏഷ്യൻ ഗെയിംസ് റെക്കോർഡ് തിരുത്തിയെഴുതിയത്. പുരുഷവിഭാഗം ഷോട്ട്പുട്ടിൽ 20.36 മീറ്റർ എറിഞ്ഞ് തജീന്ദർ പാൽ സിങ് ടൂർ സ്വർണം കരസ്ഥമാക്കി. പുരുഷന്മാരുടെ ട്രാപ്പ് ഷൂട്ടിംഗിൽ കിനാൻ ഡാരിയസ്

ചെന്നൈ, പൃഥ്വിരാജ് തൊണ്ടിമാൻ എന്നിവരടങ്ങിയ ടീമാണ് മൂന്നാം സ്വർണം നേടിയത്. വനിതകളുടെ 1500 മീറ്റർ ഓട്ടത്തിൽ ഹർമിലൻ ബെയിൻസ്, പുരുഷ വിഭാഗത്തിൽ അജയ് കുമാർ സരോജ് എന്നിവർ വെള്ളിമെഡൽ സ്വന്തമാക്കി. ഇതേ ഇനത്തിൽ ജിൻസൺ ജോൺസൺ വെങ്കലവും നേടി.

വനിതകളുടെ ഹർഡിൽസിൽ ജ്യോതി യരാജി വെള്ളി കരസ്ഥമാക്കി. ലോങ്ജമ്പിൽ ശ്രീശങ്കറിന് വെള്ളിയും വനിതകളുടെ ഹെപ്റ്റാത്തലണിൽ നന്ദിനി, ഡിസ്കസ് ത്രോയിൽ സീമ പുനിയ എന്നിവർ വെങ്കലവും നേടി.

ട്രാപ്പ് ഷൂട്ടിംഗിൽ വനിതാ ഷൂട്ടർമാർ വെള്ളി നേടി. പുരുഷന്മാരുടെ വ്യക്തിഗത ട്രാപ്പിൽ ഒരു വെങ്കലവും ലഭിച്ചു.

വനിതകളുടെ വ്യക്തിഗത ഗോൾഫ് ഇനത്തിൽ അദിതി അശോക് വെള്ളി മെഡൽ കരസ്ഥമാക്കി.

പുരുഷ ബാഡ്മിന്റൺ ടീം വെള്ളി മെഡൽ നേടിയത് ഏഷ്യൻ ഗെയിംസിന്റെ എട്ടാം ദിനത്തിൽ ഇന്ത്യയ്ക്ക് ചരിത്ര നേട്ടമായി.

വനിതാവിഭാഗം പോൾവോൾട്ട്, ലോംഗ്ജമ്പ്, 3,000 മീറ്റർ സ്റ്റീപ്പിൾചേസ്, പുരുഷവിഭാഗം 200 മീറ്റർ ഓട്ടം, 400 മീറ്റർ മിക്സഡ് റിലേ, അശ്വാഭ്യാസം, റോളർ സ്കേറ്റിംഗ് തുടങ്ങിയവയിൽ ഇന്ത്യ ഇന്ന് ഫൈനലിൽ ഇറങ്ങും.

✪✪✪

ഏഷ്യൻ ഗെയിംസിൽ വനിതകളുടെ 1500 മീറ്റർ ഇനത്തിൽ വെള്ളി മെഡൽ നേടിയ ഹർമിലൻ ബെയ്ൻസ്, പുരുഷന്മാ രുടെ 1500 മീറ്ററിൽ വെള്ളി കരസ്ഥമാക്കിയ അജയ് കുമാർ സരോജ്,വെള്ളി മെഡൽ നേടിയ ലോങ് ജംപർ ശ്രീശങ്കർ മുരളി എന്നിവരെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു.

പുരുഷന്മാരുടെ 1500 മീറ്ററിൽ വെങ്കലം നേടിയ ജിൻസൺ ജോൺസണെയും വനിതകളുടെ ഹെപ്റ്റാത്തലണിൽ 800 മീറ്റർ ഇനത്തിൽ വെങ്കലം നേടിയ നന്ദിനി അഗസരയെയും,ഡിസ്കസ് ത്രോയിൽ വെങ്കലം നേടിയ സീമ പുനിയയെയും പ്രധാനമന്ത്രി പ്രശംസിച്ചു.

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സിന് രണ്ടാം ജയം. കൊച്ചിയിൽ മറുപടിയില്ലാത്ത ഒരു ഗോളിനാണ് ബ്ലാസ്റ്റേഴ്സ് ജംഷഡ്പൂരിനെ തോൽപ്പിച്ചത്. അഡ്രിയാൻ ലൂണയാണ് ബ്ലാസ്റ്റേഴ്സിന്റെ വിജയഗോൾ നേടിയത്. തുടർച്ചയായ രണ്ടാം ജയത്തോടെ 6 പോയിന്റുമായി ബ്ലാസ്റ്റേഴ്സ് പോയിന്റ് പട്ടികയിൽ രണ്ടാമതെത്തി. മുംബൈ സിറ്റി എഫ് സി യുമായി ഞായറാഴ്ച്ചയാണ് ബ്ലാസ്റ്റേഴ്സിന്റെ അടുത്ത മത്സരം.

ഇന്ന് F C ഗോവ,പഞ്ചാബ് F C യെ നേരിടും.രാത്രി എട്ടിന് ഗോവയിലാണ് മത്സരം.

✪✪✪

ഇന്ത്യൻ മുൻ ഫുട്ബോൾ ടീം മാനേജരും NIT കായികവിഭാഗം മുൻ പ്രൊഫസറുമായിരുന്ന T.M അബ്ദുറഹ്മാൻകോഴിക്കോട്ട് അന്തരിച്ചു. അദ്ദേഹത്തിന് 83 വയസ്സായിരുന്നു.

കബറടക്കം ഉച്ചക്ക് ഒരു മണിക്ക് തലശ്ശേരി ഓടത്തിൽ പള്ളി ഖബർസ്ഥാനിൽ നടക്കും.

✪✪✪

കേരളത്തിന്റെ വികസനത്തിന് എതിരായ സമീപനമാണ് UDF ഉം BJP യും സ്വീകരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നാടിന്റെ നന്മ ലക്ഷ്യമാക്കി നടത്തുന്ന പ്രവർത്തനങ്ങളെ ബഹിഷ്കരിക്കുകയാണ് UDF ചെയ്യുന്നതെന്നും മുഖ്യമന്ത്രി കുറ്റപ്പെടുത്തി. തലശ്ശേരിയിൽ കോടിയേരി ബാലകൃഷ്ണൻ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് നടന്ന പൊതു സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേന്ദ്രത്തിന്റ തെറ്റായ നയങ്ങളെ എതിർക്കാൻ കേരളത്തിലെ UDF തയ്യാറല്ലെന്നും കോൺഗ്രസും BJP യും ഒത്തുകളിക്കുകയാണെന്നും പിണറായി പറഞ്ഞു.

✪✪✪

കോഴിക്കോട് ജില്ലയിൽ നിപ സമ്പർക്ക പട്ടികയിൽനിന്ന് ഇന്നലെ 250 പേരെ ഒഴിവാക്കി. 267 പേരാണ് ഇനി സമ്പർക്ക പട്ടികയിൽ ശേഷിക്കുന്നത്. ഇതുവരെ 1,021 പേരെ സമ്പർക്ക പട്ടികയിൽനിന്ന് ഒഴിവാക്കി.

✪✪✪

സംസ്ഥാന ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, കേരള ലളിതകല അക്കാദമി, കചടതപ ഫൗണ്ടേഷൻ എന്നിവയുടെ സംയുക്ത അഭിമുഖത്തിൽ സംഘടിപ്പിക്കുന്ന പ്രഥമ International Calligraphy Festival രാവിലെ എറണാകുളം ദർബാർ ഹാളിൽ മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും.

പ്രശസ്ത ഹീബ്രു കാലിഗ്രാഫറായ മിഷേൽ ഡി അനസ്താഷ്യോ, ഇന്ത്യൻ അക്ഷര കലയുടെ കുലപതി എന്നറിയപ്പെടുന്ന അച്യുത് പാലവ്, ഇന്ത്യൻ രൂപ ചിഹ്നത്തിന്റെ സൃഷ്ടാവായ ഉദയകുമാർ ഉൾപ്പെടെ പ്രശസ്തരായ കാലിഗ്രാഫി കലാകാരന്മാർ ഫെസ്റ്റിവലിൽ പങ്കെടുക്കും.

ഫെസ്റ്റിവൽ  വ്യാഴാഴ്ച സമാപിക്കും.

✪✪✪